**EXTRA ORDINARY GAZETTE DATED : 20/05/2020**
**LAST DATE : 24/06/2020**

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

## വിജ്ഞാപനം

No: R&A2(3)3/2020/KPSC

തിരുവനന്തപുരം
തീയതി: 20/05/2020

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് –സംസ്ഥാനതലം**
**കാറ്റഗറി നമ്പർ : 08/2020**

**കേരള സംസ്ഥാന സർവ്വീസിൽ** പോലീസ് വകുപ്പിൽ വനിത **പോലീസ്** കോൺസ്റ്റബിൾ **തസ്തികയിലേയ്ക്ക്** വയനാട് ജില്ല,മലപ്പുറം ജില്ലയിലെ നിലമ്പൂർ ,കാളികാവ്, അരീക്കോട്, വണ്ടൂർ ബ്ലോക്കുകൾ, പാലക്കാട് ജില്ലയിലെ അട്ടപാടി ബ്ലോക്ക് എന്നീ പ്രദേശങ്ങളിലെ വനാന്തരങ്ങളിലേയും , വനാതിർത്തികളിലേയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള** വനിത **ഉദ്യോഗാർത്ഥികളിൽ നിന്നും രണ്ടാം ഘട്ട സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി നിശ്ചിത മാതൃകയിൽ എഴുതി (മാതൃക ചുവടെ ചേർക്കുന്നു) അപേക്ഷകൾ ക്ഷണിക്കുന്നു.**

1 **വകുപ്പ്** : **പോലീസ് (കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസസ് )**

2 **ഉദ്യോഗപ്പേര്** : വനിത **പോലീസ് കോൺസ്റ്റബിൾ**

(വയനാട് ജില്ല, ,മലപ്പുറം ജില്ലയിലെ നിലമ്പൂർ ,കാളികാവ്, അരീക്കോട്, വണ്ടൂർ ബ്ലോക്കുകൾ , പാലക്കാട് ജില്ലയിലെ അട്ടപാടി ബ്ലോക്ക് എന്നീ പ്രദേശങ്ങളിലെ വനാന്തരങ്ങളിലേയും , വനാതിർത്തികളിലേയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന എല്ലാ പട്ടികവർഗ്ഗ **വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള വനിത ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം രണ്ടാം ഘട്ട സ്പെഷ്യൽ റിക്രൂട്ട്മെന്റ്**- വയനാട് ജില്ലയിലെ പണിയാൻ ,അടിയാൻ , ഊരാളി(വെട്ടക്കുറുമ, പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽ പെട്ട കാട്ടുനായ്ക്കൻ എന്നീ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന ,മലപ്പുറം ജില്ലയിലെ നിലമ്പൂർ ,കാളികാവ്, അരീക്കോട്, വണ്ടൂർ ബ്ലോക്കുകളിലെ പണിയാൻ, പ്രത്യേക ദുർബല ഗോത്ര വർഗ്ഗ
വിഭാഗത്തിൽ പെട്ട കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ എന്നീ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന , പാലക്കാട് ജില്ലയിലെ അട്ടപാടി ബ്ലോക്കിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽപെട്ട കുറുമ്പർ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന )

(കുറിപ്പ്: ഭിന്നശേഷിയുള്ളവർക്കും പുരുഷൻമാർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.)

3 **ശമ്പളം** : Rs. 22200-48000/-

4 **ഒഴിവുകളുടെ എണ്ണം** : സംസ്ഥാനതലം-പട്ടികവർഗ്ഗം-**35**
**(വനിത പോലീസ് ബറ്റാലിയൻ അടിസ്ഥാനത്തിൽ)**
(**ഒഴിവുകളുടെ വിന്യാസം -** വയനാട് - 20, മലപ്പുറം - 7, പാലക്കാട് - 8)

**കുറിപ്പ്:-**

i) പോലീസ് വകുപ്പിൽ വനിത പോലീസ് തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് വനിതാ പോലീസ് ബറ്റാലിയൻ വഴി മാത്രം നടത്തുന്നതും ജില്ലകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഈ ബറ്റാലിയനിൽ നിന്നും അഡ്വൈസ് /റാങ്ക് സീനിയോറിറ്റി ക്രമത്തിൽ വനിതാ സേനാംഗങ്ങളെ ട്രാൻസ്ഫർ ചെയ്യുന്നതുമാണ് ( 05/06/2017 ലെ സ.ഉ. (സാധാ) നം .1484/2017/ആഭ്യന്തരം ഉത്തരവ്) തെരഞ്ഞെടുപ്പ് ബറ്റാലിയനടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും.

**ii)** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ബറ്റാലിയനടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കും. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവയിലെ വനാന്തരങ്ങളിലും വനാതിർത്തിയിലും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**iii)** 30.08.2019-ലെ സ.ഉ (എം.എസ്) നം.131/19/ആഭ്യന്തരം പ്രകാരം ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് വയനാട് ജില്ലയിലെ പണിയാൻ ,അടിയാൻ , ഊരാളി, പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽ പെട്ട കാട്ടുനായ്ക്കൻ എന്നീ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകിക്കൊണ്ട് ,മലപ്പുറം ജില്ലയിലെ നിലമ്പൂർ ,കാളികാവ്, അരീക്കോട്, വണ്ടൂർ ബ്ലോക്കുകളിലെ പണിയാൻ, പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽ പെട്ട കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ എന്നീ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകിക്കൊണ്ട് , പാലക്കാട് ജില്ലയിലെ അട്ടപാടി ബ്ലോക്കിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽപെട്ട കുറുമ്പർ എന്നീ പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നൽകിക്കൊണ്ട് വയനാട് ജില്ല,മലപ്പുറം ജില്ലയിലെ നിലമ്പൂർ ,കാളികാവ്, അരീക്കോട്, വണ്ടൂർ ബ്ലോക്കുകൾ, പാലക്കാട് ജില്ലയിലെ അട്ടപാടി ബ്ലോക്ക് എന്നീ പ്രദേശങ്ങളിലെ വനാന്തരങ്ങളിലേയും , വനാതിർത്തികളിലേയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിയ്ക്കുന്നു. ഈ വിജ്ഞാപനം പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിലായിരിക്കും. ഓരോ ജില്ലയിലേയ്ക്കും അതത് ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

**iv)** അപേക്ഷകൻ വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ,കാളികാവ്, അരീക്കോട്, വണ്ടൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നീ പ്രദേശങ്ങളിലെ വനാന്തരങ്ങളിലേയും , വനാതിർത്തികളിലേയും സെറ്റിൽമെന്റ് കോളനികളിൽ നിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫോറസ്റ്റ്റേഞ്ചർ / ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ/ തഹസിൽദാർ/റവന്യൂ അധികാരികളിൽ നിന്ന് വാങ്ങിക്കേണ്ടതും (അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതിയ്ക്കു മുൻപ്), ആയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**5 നിയമനരീതി : നേരിട്ടുള്ള നിയമനം**

(പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം – (വയനാട് ജില്ലയിലെ പണിയാൻ , അടിയാൻ ,ഊരാളി, പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽ പെട്ട കാട്ടുനായ്ക്കൻ എന്നീ പട്ടികവർഗ്ഗവിഭാഗക്കാർക്ക് മുൻഗണന,മലപ്പുറം ജില്ലയിലെ നിലമ്പൂർ,കാളികാവ്,അരീക്കോട്, വണ്ടൂർ ബ്ലോക്കുകളിലെ പണിയാൻ, പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽ പെട്ട കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ എന്നീ പട്ടികവർഗ്ഗവിഭാഗക്കാർക്ക് മുൻഗണന നൽകിക്കൊണ്ട് , പാലക്കാട് ജില്ലയിലെ അട്ടപാടി ബ്ലോക്കിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽ പെട്ട കുറുമ്പർ പട്ടികവർഗ്ഗവിഭാഗക്കാർക്ക് മുൻഗണന **നൽകുന്നതാണ്)**

**കുറിപ്പ്:–**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : **18 – 31** , ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ് ഇളവിനെ സംബന്ധിച്ച് മറ്റ് ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**കുറിപ്പ് :–**

(1) വിമുക്തഭടൻമാർക്ക് ഉയർന്ന പ്രായപരിധിയിൽ 40 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്.

(2) വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7 യോഗ്യതകൾ:**

1) **വിദ്യാഭ്യാസ യോഗ്യത :–**

എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

കുറിപ്പ് :– 1) എസ്.എസ്.എൽ.സി യോഗ്യതയുള്ളവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി തോറ്റവരെയും പരിഗണിക്കുന്നതാണ്.

2) മതിയായ എണ്ണം ഉദ്യോഗാർത്ഥികളെ ലഭ്യമായിട്ടില്ലെങ്കിൽ വിദ്യാഭ്യാസ യോഗ്യത 8–ാം ക്ലാസ്സ് വരെ താഴ്ത്തുന്നതാണ്.

3) യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക്ബാധകമാണ്.

2) **ശാരീരിക യോഗ്യത :-**

(a) ഉയരം - കുറഞ്ഞത് 150 സെ.മീ, മതിയായ എണ്ണം ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഉയരം 148 സെ.മീ വരെ താഴ്ത്തുന്നതാണ്.

(b)കാഴ്ചശക്തി- താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|---|
| a) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്** :- (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം.

(2) കളർ ബ്ലൈൻഡ്നസ്, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

3) മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾക്ക് പുറമെ ഓരോ ഉദ്യോഗാർത്ഥിയേയും ശാരീരിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺസ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 3 (മൂന്ന്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈ ജമ്പ് | 106 cm |
| 3 | ലോംഗ് ജമ്പ് | 305 cm |
| 4 | പുട്ടിംഗ് ദ് ഷോട്ട് (4000 ഗ്രാം) | 488 cm |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോ ബോൾ | 1400 cm |
| 7 | ഷട്ടിൽ റെയ്സ് (2500 cm X 400 CM) | 26 സെക്കന്റ് |
| 8 | സ്കിപ്പിംഗ് (ഒരു മിനിട്ട്) | 80 തവണ |

**കുറിപ്പ്** :- ഉദ്യോഗാർത്ഥികളുടെ ഉയരം കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത ഉയരം ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണപരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE

I have this day, medically examined Sri .......................................... (Address) and found that his/her hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervous system is perfectly normal and free from any infectious diseases which would render him/her unsuitable for Government Services. His age accroding to his own statement is ..................... and by appearance is ........................ and his standards of vision is as follows:

### Standard of vision without glass

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | .................... Snellen | ...................... Snellen |
| 2) | Near Vision | .................... Snellen | ...................... Snellen |
| 3) | Field of Vision | ......................... | ......................... |
| 4) | Colour Blindness | ........................ | ......................... |
| 5) | Squint | ........................ | ......................... |
| 6) | Any morbid condition of the eyes or lids of either eye ................................ | | |

(Specify whether field of vision is full or not. Entries such as normal, good etc are inappropriate)

She is physically fit for the post of Women Police Constable in the Police Department.

Signature

Name & Designation of Medical Officer

Place:

Date: (Office Seal)

**കുറിപ്പ്** :- കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി :**

യോഗ്യരായ ഉദ്യോഗാർത്ഥികൾ എഴുതിയതോ ടൈപ്പ് ചെയ്തതോ ആയ അപേക്ഷകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത, വയസ്സ്, ജാതി, നേറ്റിവിറ്റി എന്നിവ തെളിയിക്കുന്നതായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഉൾപ്പെടുത്തേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഫീൾഡ് ഓഫീസർമാർ ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും യോഗ്യതയും താല്പര്യവുമുള്ള എല്ലാ ഉദ്യോഗാർത്ഥികളും നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

**കുറിപ്പ്** – അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളും, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളും വ്യാജമാണെന്ന് പിന്നീട് തെളിയുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ നിയമനശിപാർശ നിരുപാധികമായി റദ്ദ് ചെയ്യുന്നതാണ്.

.................................ജില്ല

**...........................തീയതിയിലെ ഗസറ്റ്**

**വിജ്ഞാപനപ്രകാരം..................................................................... തസ്തികയുടെ**

**........................................ (കാറ്റഗറി നമ്പർ)തെരഞ്ഞെടുപ്പിന് വേണ്ടി അയയ്ക്കുന്ന അപേക്ഷ**

**അപേക്ഷയുടെ മാതൃക**

| | | | |
|---|---|---|---|
| 1 | തസ്തികയുടെ പേര് | : | |
| 2 | കാറ്റഗറി നമ്പർ | | |
| 3 | അപേക്ഷ സമർപ്പിക്കുന്ന ജില്ല | | |
| 4 | അപേക്ഷകന്റെ പേര് | | |
| 5 | അപേക്ഷകന്റെ പിതാവ് / മാതാവ് / രക്ഷകർത്താവിന്റെ പേര് | : | |
| 6 | അപേക്ഷകന്റെ ജനന തീയതി, വയസ്സ് | : | |
| 7 | അപേക്ഷകന്റെ ജാതി | : | |
| 8 | സ്ത്രീ / പുരുഷ ൻ | | |
| 9 | അപേക്ഷകൻ വെയിറ്റേജ് മാർക്കിന് (എൻ.സി.സി./സ്പോർട് സ് തുടങ്ങിയവ) അർഹനാണൊ ? | | |
| 10 | അർഹനാണെങ്കിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തുക | | |
| 11 | സ്ഥിരം മേൽവിലാസം | : | |
| 12 | യോഗ്യത | : | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിൽ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

# <u>സാക്ഷ്യപത്രം</u>

….…………………… തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം ……………………………………………തസ്തികയിലേക്ക് (Category No. ..…………………) ……………………………………… തീയതിയിൽ അപേക്ഷ സമർപ്പിച്ച …………………………………… ശ്രീ/ശ്രീമതി/കുമാരി ……………………………………………………………കേരളസംസ്ഥാനത്തെ……………………………………………………………… ………. ജില്ലയിലെ……………………………………………………………………… താലൂക്കിലെ ……………………………………………വില്ലേജിലെ ……………………………………………… ബ്ലോക്കിലെ വനാന്തരത്തിലെ/വനാതിർത്തിയിലെ……………………………………………………………… സെറ്റിൽമെന്റ് കോളനിയിലെ സ്ഥിരതാമസക്കാരനാണെന്നും ……………………….–ന്റെ മകൾ ശ്രീ/ശ്രീമതി/കുമാരി……………………………………………… ……………… ജാതിയിൽപ്പെട്ട ആളാണെന്നും സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്കുവേണ്ടി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ളതാണ് .

പേര് :

ഉദ്യോഗപ്പേര് :

( ഫോറസ്റ്റ് റേഞ്ചർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/
റവന്യൂ അധികാരി/തഹസിൽദാർ )

ഔദ്യോഗിക വിലാസം :

സ്ഥലം :

തീയതി :

(ഓഫീസ് സീൽ)

**അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾകൂടി സമർപ്പിക്കേണ്ടതാണ്.**

1) ജനനത്തീയതി/പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

2) അപേക്ഷകൻ വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ,കാളികാവ്,അരീക്കോട് , വണ്ടൂർ ബ്ലോക്കുകൾ , പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നീ സ്ഥലങ്ങളിലെ വനത്തിനകത്തും, വനാതിർത്തിയിലുമുള്ള സെറ്റിൽമെന്റ് കോളനിയിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളാണെന്ന് തെളിയിക്കുന്ന തഹസിൽദാർ / റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്.

3) അപേക്ഷകൻ വയനാട്, മലപ്പുറം ജില്ലയിലെ നിലമ്പൂർ ,കാളികാവ്, അരീക്കോട്, വണ്ടൂർ ബ്ലോക്കുകൾ , പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നീ സ്ഥലങ്ങളിലെ വനത്തിനകത്തും ,വനാതിർത്തിയിലുള്ള സെറ്റിൽമെന്റ് കോളനികളിൽ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്ന ഫോറസ്റ്റ്റേഞ്ചർ / ട്രൈബൽ എക് സ്റ്റെൻഷൻ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.

**9.** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : **24/06/2020** ബുധനാഴ്ച വൈകുന്നേരം 5 മണി വരെ

10 **അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** :

**പാലക്കാട്**
ജില്ലാ ആഫീസർ
കെ.പി.എസ്.സി ജില്ലാ ആഫീസ്
സിവിൽ സ്റ്റേഷൻ, പാലക്കാട്– 678 001
ഫോൺ – 0491– 2505398

**മലപ്പുറം**
ജില്ലാ ആഫീസർ
കെ.പി.എസ്.സി ജില്ലാ ആഫീസ്
സിവിൽ സ്റ്റേഷൻ, ന്യൂ ബ്ലോക്ക്
മലപ്പുറം – 676 505
ഫോൺ – 0483 2734308

**വയനാട്**
ജില്ലാ ആഫീസർ
കെ.പി.എസ്.സി ജില്ലാ ആഫീസ്
രണ്ടാം നില, എം.ജി.ടി ബിൽഡിംഗ് സ്
നോർത്ത് കൽപ്പറ്റ.പി.ഒ
വയനാട് – 673 122
ഫോൺ – 04936– 202539

**കുറിപ്പ് :–** അതാത് ജില്ലാ ആഫീസിലേയ്ക്കല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ, അഡീഷണൽ സെക്രട്ടറിയുടെയോ, റീജിയണൽ ആഫീസറുടെയോ, ഡെപ്യൂട്ടി സെക്രട്ടറിയുടേയോ പേരിൽ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 -ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, 21.03.2015-ലെ GO (MS)No.56/2015/Home, 16.01.2016-ലെ GO(P)No. 13/16/Home , 27.06.2016-ലെ GO(MS)NO.183/16/Home, 30.08.2019-ലെ GO(MS)No. 131/2019/Home , 18.02.2020-ലെ GO(MS)NO.147/2020/Home എന്നീ ഉത്തരവുകൾ അനുസരിച്ചും നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 - ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(ഫോട്ടോ, ഐ ഡി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകൾ നോക്കുക)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**